പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: T - 5308 | 02.07.2013-ൽ മറുപടിക്ക്

## "കേരള ഡ്രഗ്ഗ് & ഫാർമസ്യൂട്ടിക്കൽസി " ൻെറ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡോ: ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.സാജു പോൾ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) "കേരള ഡ്രഗ്ഗ് & ഫാർമസ്യൂട്ടിക്കൽസി " ൻെറ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചുവെന്നും അതിനായി നാളിതുവരെ എന്ത് തുക ചെവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) കേരള ഡ്രഗ്ഗ് & ഫാർമസ്യൂട്ടിക്കൽസിൻെറ വികസന പ്രവർത്തനങ്ങൾക്കായി ആരംഭിച്ച പദ്ധതികളെ സംബന്ധിച്ചും അതിന് ചെലവഴിച്ച തുകയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. |

| പ്രോജക്റ്റ് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| ബീറ്റാലാക്ടം പ്രോജക്റ്റ് പൂർത്തിയായി | 975.37 |
| എൻ.എ ബി.എൽ അക്രഡിറ്റേഷൻ ലബോറട്ടറി | 168.46 |
| ബീറ്റാലാക്ടം ഇൻജക്ഷൻ പ്രോജക്റ്റിൻെറ പണി തുടങ്ങി | 459 |
| നോൺ ബീറ്റാലാക്ടം പ്രോജക്റ്റ് 6500 ലക്ഷം രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത് . പ്രോജക്റ്റിൻെറ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. തുക ഒന്നും തന്നെ ചെലവാക്കിയിട്ടില്ല. | |

| | |
|---|---|
| (ബി) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ആവശ്യത്തിന് ഓർഡർ ലഭിക്കാത്തതുമൂലം കെ.എസ്.ഡി.പി പ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാൽപതു ലക്ഷത്തിലധികം രൂപയുടെ മരുന്നു കെട്ടിക്കിടന്നു നശിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്; കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുവേണ്ടി ഉല്പാദിപ്പിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേര് ആലേഖനം ചെയ്ത 87 ലക്ഷം രൂപയുടെ 12 ഇനം മരുന്നുകൾ ഇൻഡന്റോ, പർച്ചെയ്സ് ഓർഡറോ ലഭിക്കാത്തതിനാൽ കെ.എസ്.ഡി.പി-യുടെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്. |
| (സി) കെ.എസ്.ഡി.പി-യുടെ മരുന്ന് നിർമ്മാണവും വിതരണവും കാര്യക്ഷമമാക്കുന്നതിനും, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി മുൻകാലങ്ങളിലുണ്ടായിരുന്ന തരത്തിൽ മരുന്നു വാങ്ങുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചുവരുന്നു. |

Ajithab

സെക്ഷൻ ഓഫീസർ